# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 910** 　　 **05.02.2020 ലെ മറുപടി**

## കായലുകളുടേയും നദികളുടേയും സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ് :** | | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | കായലുകളിലും നദികളിലും അടിഞ്ഞു കൂടിയിരിക്കുന്ന മാലിന്യങ്ങളും എക്കലും മണലുമെല്ലാം പ്രളയത്തിന്റെ തീവ്രത വർദ്ധിപ്പിക്കാനിടയുണ്ടെന്നതിനാൽ ആയത് നീക്കം ചെയ്യുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിലെ ജലസേചന നിർമ്മിതികളായ പൂക്കോട്ടുമന റഗുലേറ്റർ കം ബ്രിഡ്ജ്, ചെറുതുരുത്തി തടയണ, ചങ്ങനാംകുന്ന് റഗുലേറ്റർ, മഞ്ഞുമ്മൽ റഗുലേറ്റർ, വെള്ളിയാങ്കൽ റഗുലേറ്റർ , പുറപ്പള്ളിക്കാവ് റഗുലേറ്റർ എന്നിവയുടെ സമീപത്തുനിന്നും മണൽ/ചെളി നീക്കുന്നതിന് 08/11/2019-ലെ സ.ഉ.(കൈ) നം.50/2019/ജവിവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വിവിധ റിപ്പോർട്ടുകളുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിൽ കൊച്ചിയിലെ ഏതെല്ലാം കായലുകളുടെയും നദികളുടെയും സംഭരണശേഷിയാണ് നാളിതുവരെ വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) Institute of Land and Disaster Management (ILDM)- ന്റെ പഠന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി 24/12/2019-ലെ സ.ഉ.(ആർ.ടി) നം.3880/2019/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം നദികളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി നദികളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളും ചെളിയും അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള അനുവാദം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |
| (സി) | എക്കൽ നീക്കം ചെയ്യാൻ സ്ഥലം ലഭ്യമല്ലാത്തതിനാലും പുറംകടലിൽ തള്ളാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുമതി നൽകാത്തതിനാലും ദേശീയപാതയുടെ ഭാഗമായ കണ്ണങ്ങാട് വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള ഭാഗത്തെ എക്കൽ നീക്കം ചെയ്യുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (സി) ദേശീയപാതയുടെ ഭാഗമായ കണ്ണങ്ങാട് വെല്ലിങ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള വേമ്പനാട് കായലിന്റെ ആഴം കൂട്ടുന്നതിനുള്ള 2 പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് എടുത്തു. അവയ്ക്ക് ഭരണാനുമതിയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. |

Prijith

**സെക്ഷൻ ഓഫീസർ**